## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6 27.02.2017- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.എം.രാജഗോപാലൻ
ശ്രീ.പി.കെ.ശശി.

ഉത്തരം

ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതി വിധിയിലെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കമോ: | (എ) | സംസ്ഥാന സർക്കാർ വിതരണം ചെയ്യാൻ ബാക്കിയുള്ള ആശ്വാസ ധനം 5 ലക്ഷം രൂപ കണക്കാക്കി ദുരിതബാധിതരായ എല്ലാപേർക്കും വിധി പുറപ്പെടുവിച്ച തീയതി മുതൽ മൂന്നു മാസത്തിനകം വിതരണം ചെയ്യണമെന്നും ധനസഹായം അനുവദിക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽ നിന്നോ എൻഡോസൾഫാൻ നിർമ്മിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ ഈടാക്കാമെന്നും എൻഡോസൾഫാൻ പുനരധിവാസവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| .(ബി) | കീടനാശിനി കമ്പനികളിൽ നിന്ന് നഷ്ടപരിഹാര തുക ഈടാക്കണമെന്ന നിർദ്ദേശത്തിന്റെയും കേന്ദ്ര സർക്കാരിൽ നിന്ന് നഷ്ടപരിഹാര തുകയുടെ വിഹിതം വാങ്ങിയെടുക്കണമെന്ന നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയുടെ വ്യക്തിപരമായ ശ്രദ്ധ ആവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള സഹായവും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനും അവരെ പുനരധി-വസിപ്പിക്കാനും ആജീവനാന്ത ചികിത്സയ്ക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനും എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയി-ട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിത-രായിട്ടുള്ളവർക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്ന-തിലേയ്ക്കായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ വിധിപ്രകാരം ധനസഹായം അനുവദിക്കേണ്ടിവരുമ്പോൾ 292.4 കോടി രൂപ ധനസഹായം അനുവദിക്കേണ്ടിവരും. ഇതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തതിൻ പ്രകാരം |

| | | | |
|---|---|---|---|
| | | | ഇതിനകം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>2010 മുതൽ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രതിമാസ പെൻഷൻ, സൗജന്യ ആരോഗ്യ പരിരക്ഷ, സൗജന്യ റേഷൻ എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്നും പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യം ഉള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്നുലക്ഷം രൂപ വീതവും ഗഡുക്കളായി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും തീരുമാനിക്കുകയും ആദ്യഗഡുവായി 45.745 കോടി രൂപയും രണ്ടാം ഗഡുവായി 44.466 കോടി രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചു കിട്ടിയിട്ടുണ്ട്.<br>എൻഡോസൾഫാൻ പുനരധിവാസപ്രവർത്തനവുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്ക് ആജീവനാന്തം പൂർണ്ണ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. |

ആയതിലേയ്ക്കായി കേരളത്തിലും കർണ്ണാടകയിലുമായി 17 ആശുപത്രികൾ എം.പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ദുരിതബാധിതരുടെ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഡയാലിസിസ് ആവശ്യമായി വരുന്നവർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. 5 ഡയാലിസിസ് മെഷീനുകൾ ഇതിനായിസജ്ജീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തിക്കുന്നതിന് ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം ദുരിതബാധിതരായി കിടപ്പിലായ

| | | | |
|---|---|---|---|
| | | | രോഗികളുടെ വീട്ടിൽ ചെന്ന് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സൗജന്യ ചികിത്സായിനത്തിൽ ഏകദേശം നാല് കോടി രൂപയോളം പ്രതിവർഷം ചെലവാകുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200/-രൂപ, 1700/-രൂപ 2200/- രൂപ നിരക്കിൽ നിലവിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br>എൻഡോസൾഫാൻ ദുരിതം മൂലം പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ) പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മാനസികവൈകല്യമുള്ള കുട്ടികൾക്കായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് വാഹനസൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

S. Bindu.

**സെക്ഷൻ ഓഫീസർ**